പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2590 09-05-2017-ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷനിലെ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18.01.2007-ന് മുമ്പ് സഹകരണ സംഘം/മറ്റ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നു. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നല്കുന്നതിലേക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21 മുതൽ 3 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ കർഷകരിൽ നിന്ന് അപേക്ഷകൾ വാങ്ങി തുടങ്ങിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകുവാനുള്ള അവസാന തീയതി 2015 ഒക്ടോബർ 31 ആയി പുനർ നിർണ്ണയിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൽ 47,105 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. 2016-17 വർഷത്തിൽ 3414 കർഷകർക്ക് 9,78,93,074/- രൂപ നൽകുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ അനുവദിച്ച 20 കോടി രൂപയും കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**